I ഇ.ബി. XIII-കേരള നിയമസഭ/XV-6

## പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2015 ഡിസംബർ 07, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

### അടിയന്തരപ്രമേയം

പോലീസ് തലപ്പത്തെ അഴിച്ചുപണി

മി. സ്പീക്കർ: പോലീസ് തലപ്പത്ത് നടത്തിയ അഴിച്ചുപണിയിൽ പ്രതിഷേധിച്ച് ഡി.ജി.പി.മാർ ചാർജ്ജെടുക്കാതെ അവധിയിൽ പ്രവേശിച്ചുകൊണ്ടിരിക്കുന്നതിനാൽ ഭരണരംഗമാകെ നിശ്ചലമായിരിക്കുന്ന തിലും സ്വാഭാവിക നീതിന്യായ പ്രക്രിയയെ ദുർബ്ബലപ്പെടുത്തുന്നതിലും ജനങ്ങളാകെ ഉത്കണ്ഠാകുലരായിരിക്കുന്നതായി പറയപ്പെടുന്ന

സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. ശ്രീരാമകൃഷ്ണൻ, വി.എസ്. സുനിൽകുമാർ, സി.കെ. നാണു, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സംസ്ഥാന പോലീസ് സർവ്വീസിൽ കോൺസ്റ്റബിൾ മുതൽ ഡി.ജി.പി. വരെയുള്ള മുഴുവൻ ഉദ്യോഗസ്ഥർക്കും യഥാസമയം പ്രൊമോഷൻ ലഭിക്കണമെന്ന ലക്ഷ്യമാണ് സർക്കാരിനുള്ളത്. വിരമിക്കലും പ്രമോഷനുമുണ്ടാകുമ്പോൾ അതിന്റെ ഭാഗമായ ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റം ഒരു സ്വാഭാവിക നടപടി മാത്രമാണ്. ഒരു റാങ്കിലേയ്ക്ക് നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥന് ലഭിക്കേണ്ടുന്ന ന്യായമായ ശമ്പളം ലഭ്യമാക്കാനുള്ള ഉത്തരവാദിത്തം നിറവേറ്റാൻ നടപടികൾ സ്വീകരിക്കും. വിജിലൻസ് ഡയറക്ടറുടെ നിയമനത്തെ പാറ്റൂർ ഭൂമി അന്വേഷണവുമായും ഫ്ലാറ്റ് സുരക്ഷാ ചട്ടങ്ങളെ സംബന്ധിച്ച് സ്വീകരിച്ച നടപടികളുമായും ബന്ധപ്പെടുത്തി വ്യാഖ്യാനിക്കുന്നത് തികച്ചും അടിസ്ഥാനരഹിതമാണ്. ഡി.ജി.പി. റാങ്കിലെ ഒരു കേഡർ പോസ്റ്റ് ഒഴിച്ചിട്ട് വിജിലൻസ് ഡയറക്ടർ തസ്തികയിൽ നിയമനം

നടത്തിയെന്ന ആരോപണം തെറ്റിദ്ധാരണാജനകമാണ്. ഐ.ജി., ഡി.ഐ.ജി. റാങ്കിൽ നിരവധി കേഡർ തസ്തികകളിൽ ഒഴിവുകളുണ്ടെങ്കിലും തരംതാഴ്ത്തലിന്റെ സാഹചര്യമുണ്ടാകുമെന്നതുകൊണ്ട് നിയമനം നടത്തുന്നില്ല. സർക്കാരിന്റെ വിവേചനാധികാരം ഉപയോഗിച്ച് എക്സ്-കേഡർ തസ്തിക സൃഷ്ടിച്ചതുകൊണ്ടാണ് ഡി.ജി.പി റാങ്കിലേയ്ക്കുള്ള പ്രൊമോഷന് അവസരം ലഭിച്ചത്. ഫയർ ഫോഴ്സ് മേധാവിയുടെയും ജയിൽ വകുപ്പ് മേധാവിയുടെയും തസ്തികകൾ ഇപ്പോൾ എ.ഡി.ജി.പി. റാങ്കിലുള്ളവയാണ്. ഭരണഘടനാപരമായി പോലീസും ക്രമസമാധാനവും സംസ്ഥാന വിഷയമാണ് എന്ന വസ്തുതയും ഐ.പി.എസ്. കേഡറിന്റെ നിയന്ത്രണം കേന്ദ്ര സർക്കാരിനാണെന്ന വസ്തുതയും കണക്കിലെടുത്ത് സംസ്ഥാനത്തിന് അർഹതപ്പെട്ട ഡി.ജി.പി. മാരുടെ കേഡർ തസ്തിക അനുവദിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ആഭ്യന്തര വകുപ്പിലോ പോലീസിലോ ഒരു തരത്തിലുള്ള പ്രശ്നങ്ങളും നിലനിൽക്കുന്നില്ല.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ:</u> കേരളത്തിലെ രണ്ട് ഡി.ജി.പി.മാർ ആഭ്യന്തരവകുപ്പിന്റെ ഉത്തരവനുസരിച്ച് ചാർജ്ജെടുക്കാതെ ലീവെടുത്ത് മാറിനിൽക്കുകയാണ്. കേരളത്തിലെ പോലീസ് സേനയെ തങ്ങളുടെ

ചട്ടുകമാക്കണമെന്ന പിടിവാശിയുടെ പേരിലുള്ള പ്രശ്നങ്ങളാണ് ഇതെല്ലാം. മുഖ്യമന്ത്രിക്കെതിരെ മാനനഷ്ടക്കേസ് കൊടുക്കുമെന്ന് ഒരു ഡി.ജി.പി. പരസ്യമായ നിലപാട് സ്വീകരിക്കുന്നത് കേരള ചരിത്രത്തിൽ ആദ്യമാണ്. കേരളത്തിൽ ഡി.ജി.പി കേഡറിലുള്ള മൂന്ന് ഉദ്യോഗസ്ഥരെ മാറ്റിനിർത്തി ഒരു എ.ഡി.ജി.പി.യെ വിജിലൻസ് ഡയറക്ടറാക്കാനുള്ള കാരണം വ്യക്തമാക്കാതെ കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് ഇവിടെ പറയുന്നത്. തീരദേശ പരിപാലന നിയമത്തിന്റെ പേരിൽ ബുദ്ധിമുട്ടുന്ന മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിനായി ഒരു നടപടിയും സ്വീകരിക്കാത്ത ഗവൺമെന്റ് 77 അനധികൃത ഫ്ലാറ്റുകളെ റഗുലറൈസ് ചെയ്യാൻ നടപടി സ്വീകരിച്ചു. ഒരു പോലീസ് ഉദ്യോഗസ്ഥനെ രണ്ട് വർഷത്തേയ്ക്ക് തന്റെ ചുമതലയിൽ നിന്ന് മാറ്റാൻ പാടില്ലെന്ന വ്യവസ്ഥ നിലവിലിരിക്കെ തങ്ങളുടെ താത്പര്യത്തിനനുസരിച്ച് നിന്നില്ല എന്നതിന്റെ പേരിൽ പലപ്രാവശ്യം മാറ്റുകയുണ്ടായി. നിയമവ്യവസ്ഥയ്ക്ക് വിധേയമായി സത്യസന്ധമായി പ്രവർത്തിച്ചു എന്നതാണ് ശ്രീ. ജേക്കബ് തോമസിനെതിരെയുള്ള കുറ്റം. വിജിലൻസ് എ.ഡി.ജി.പി. ആയിരിക്കെ

പാറ്റൂർ ഭൂമി തട്ടിപ്പ് കേസിൽ ശരിയായ വസ്തുതകളുടെ അടിസ്ഥാനത്തിൽ ലോകായുക്തയ്ക്ക് റിപ്പോർട്ട് നൽകിയതുമുതൽ അദ്ദേഹത്തോട് സർക്കാരിന് അനിഷ്ടം ആരംഭിച്ചു. സർക്കാരിന്റെ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ പ്രതികരിച്ചതിന്റെ ഫലമായി അദ്ദേഹത്തെ അഗ്നിശമനസേനാ മേധാവി സ്ഥാനത്തുനിന്ന് തരംതാഴ്ത്തി നിയമിച്ചു. നിയമപരമായ നടപടി സ്വീകരിച്ചതുവഴി ജയിൽ ഡി.ജി.പി.യായ ലോകനാഥ് ബെഹ്റയ്ക്കും ഋഷിരാജ് സിംഗിനും ഇതേ അനുഭവം തന്നെയാണുണ്ടായത്. സത്യസന്ധമായി കൃത്യനിർവ്വഹണം നടത്തുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് തങ്ങളുടെ ജോലിയിൽ തുടരാൻ സാധിക്കാത്ത സാഹചര്യം സംജാതമായിരിക്കുകയാണ്. സംസ്ഥാനത്തെ പോലീസ് ഭരണം സ്വജന പക്ഷപാതത്തിന്റെയും നീതിനിഷേധത്തിന്റെയും ഈറ്റില്ലമായി മാറിയിരിക്കുകയാണ്. ഈ സാഹചര്യം സഭ നിർത്തി വച്ച് ചർച്ച ചെയ്യണം.

<u>മി. സ്പീക്കർ</u>: ഒരു മുൻകൂർ നോട്ടീസ് സ്പീക്കർക്കും അതിന്റെ പകർപ്പ് ബന്ധപ്പെട്ട മന്ത്രിക്കും നൽകാതെ സർക്കാർ ഉദ്യോഗസ്ഥരെ പേരെടുത്ത്

പരാമർശിക്കരുതെന്ന് നിയമസഭാ നടപടിക്രമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്നുണ്ട്. ഏതെങ്കിലും സർക്കാർ ഉദ്യോഗസ്ഥരുടെ പേര് സഭയിൽ പറഞ്ഞാൽ ആ ഉദ്യോഗസ്ഥന് സഭയിൽ വന്ന് മറുപടി പറയാൻ കഴിയാത്ത സാഹചര്യത്തിൽ അങ്ങനെ പറയരുത് എന്നാണ് പറഞ്ഞിട്ടുള്ളത്. അങ്ങ് ഇതിന് വിപരീതമായി ഇവിടെ പേര് പറഞ്ഞിരിക്കുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: എ.ഡി.ജി.പി. റാങ്കിലുള്ള ഒരുദ്യോഗസ്ഥനെ വിജിലൻസ് ഡയറക്ടറാക്കിയത് ഈ സർക്കാരിന്റെ കാലത്ത് നടന്ന ആദ്യത്തെ സംഭവമാണെന്ന നിലയിലുള്ള ആരോപണം ശരിയല്ല. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്തും ഇത്തരം നിയമനങ്ങൾ നടന്നിട്ടുണ്ട്. അതൊക്കെ ഭരണപരമായി ഒരു സർക്കാർ ചെയ്യേണ്ട കാര്യങ്ങൾ മാത്രമാണ്. ഡി.ജി.പി.യ്ക്കും ചീഫ് സെക്രട്ടറിക്കും മന്ത്രിമാർക്കും പൊതുപ്രവർത്തകർക്കും സർക്കാർ ഉദ്യോഗസ്ഥർക്കുമെതിരായ അഴിമതിയാരോപണം അന്വേഷിക്കുന്നതിന് വിജിലൻസ് ഡയറക്ടർക്ക് യാതൊരു നിയമതടസ്സവുമില്ല. സംസ്ഥാന പോലീസ് മേധാവിയേയോ ഉദ്യോഗസ്ഥരെയോ നിയമിക്കാനുള്ള സർക്കാരിന്റെ അധികാരത്തെ ചോദ്യം

ചെയ്യുന്ന നിലപാട് അംഗീകരിക്കാൻ സാധ്യമല്ലെന്ന മാത്രമല്ല, അവരുടെ ന്യായമായ പരാതികൾ കേൾക്കാൻ തയ്യാറാണെന്നും ഉറപ്പുനൽകുന്നു. കഴിഞ്ഞ പത്ത് വർഷത്തിനുശേഷം ശ്രീ. ജേക്കബ് തോമസിനും ശ്രീ. ഋഷിരാജ് സിംഗിനും പോലീസ് വകുപ്പിൽ ഉയർന്ന തസ്തികയിൽ നിയമനം നൽകിയത് ഈ സർക്കാരാണ്. സി.ആർ.ഇസഡ്-മായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നിരവധി ചർച്ചകൾ നടത്തുകയും കാര്യങ്ങൾ പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ സമാന്തര പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്നുവെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. ജയിൽ ഉദ്യോഗസ്ഥർക്ക് പ്രതികളെ കാണുന്നതിനോ അവരോട് സംസാരിക്കുന്നതിനോ കമ്മീഷനുകൾക്ക് മുന്നിൽ ഹാജരാകുന്നതിനോ വിലക്ക് കൽപ്പിച്ചിട്ടില്ലെന്ന് മാത്രമല്ല, അതിന്റെ പേരിൽ പോലീസ് ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിയെന്ന ആരോപണവും തെറ്റിദ്ധാരണാജനകമാണ്. ഈ സർക്കാർ പോലീസിനെ രാഷ്ട്രീയവത്കരിക്കാൻ ശ്രമിച്ചിട്ടില്ല. ഐ.പി.എസ്. ഓഫീസർമാരുടെ

മാത്രമല്ല, മുഴുവൻ പോലീസുകാരുടെയും പ്രൊമോഷൻ കാര്യങ്ങളിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സംസ്ഥാനത്തെ എ.ആർ.ബറ്റാലിയനിലെ ഏഴായിരത്തോളം ജീവനക്കാരുടെ പ്രൊമോഷൻ തർക്കം പരിഹരിച്ചു. ഈ മാസം 9-ാം തീയതി പ്രധാനമന്ത്രിയുമായി നടത്തുന്ന ചർച്ചയിൽ ഐ.പി.എസുകാർക്ക് രണ്ട് കേഡർ കൂടി അനുവദിക്കണമെന്ന് ആവശ്യപ്പെടുന്നതാണ്. നിഷ്പക്ഷവും നീതിപൂർവ്വവുമായി പോലീസിനെ പ്രവർത്തിപ്പിക്കുന്നതിനും ജനങ്ങൾക്ക് നീതിയും സമാധാനജീവിതവും ഉറപ്പുവരുത്തുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): മത്സ്യത്തൊഴിലാളികളുടെയും തീരദേശവാസികളുടേയും താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി സർക്കാർ സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര കമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ട് പ്രധാനമന്ത്രിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. അംഗീകാരം കിട്ടുന്നതുവരെ മത്സ്യത്തൊഴിലാളികൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരി

ക്കാനായി അവർക്ക് വീട്ട് നമ്പർ, വൈദ്യുതി കണക്ഷൻ, വാട്ടർ കണക്ഷൻ, വോട്ടേഴ്സ് ലിസ്റ്റിൽ പേര് ചേർക്കൽ തുടങ്ങിയ എല്ലാ സൗകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേരള ബിൽഡിംഗ് റൂൾസ് അനുസരിച്ചാണ് കാലാകാലങ്ങളായി കെട്ടിടനിർമ്മാണത്തിനുള്ള പെർമിറ്റ് കൊടുത്തുകൊണ്ടിരിക്കുന്നത്. പാറ്റൂർ ഭൂമി കേസ് സംബന്ധിച്ച യാഥാർത്ഥ്യത്തിന് നിരക്കാത്ത വാർത്തകളുടെ അടിസ്ഥാനത്തിൽ നാടിന്റെ വികസന പ്രവർത്തനങ്ങൾ അവഗണിക്കുന്നത് തെറ്റാണ്.

(അടിയന്തരപ്രമേയാവതരണ അനുമതി നിഷേധിച്ചു)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

(1) കാർഷിക മേഖലയിൽ പ്രത്യേക പാക്കേജ്

ശ്രീ. മോൻസ് ജോസഫ്: കാർഷിക വിളകളുടെ രൂക്ഷമായ

വിലയിടിവുമൂലം സംസ്ഥാനത്തെ കർഷകർ അഭിമുഖീകരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ ആവശ്യമായ നടപടി സ്വീകരിക്കണം. റബ്ബർ കർഷകരെ സഹായിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഫലപ്രദമായി നടപ്പാക്കണം. 200 രൂപയിലധികം വിലയുണ്ടായിരുന്ന റബ്ബറിന് ഇപ്പോൾ 100 രൂപയിൽ താഴെ മാത്രമാണുള്ളത്. അന്താരാഷ്ട്ര മാർക്കറ്റിൽ നിന്നും കേരളത്തിലേയ്ക്ക് റബ്ബർ ഇറക്കുമതി ചെയ്യുന്നത് നിരോധിക്കണം. വിലസ്ഥിരത ഫണ്ട് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം. മാർക്കറ്റ് വിലയെക്കാൾ 5 രൂപയെങ്കിലും അധികം നൽകി റബ്ബർ സംഭരണം പുനരാരംഭിക്കുന്നതിനും 25000 ടൺ റബ്ബർ സംഭരിക്കുന്നതിനും റബ്ബറൈസ്ഡ് റോഡുകളുടെ നിർമ്മാണം പ്രായോഗികതലത്തിൽ കൊണ്ടുവരുന്നതിനും നടപടിയുണ്ടാകണം. നാണ്യവിളകളുടെ വിലത്തകർച്ച പരിഹരിക്കുന്നതിന് വിലസ്ഥിരത ഫണ്ട് ഏർപ്പെടുത്തുകയും വിള ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുകയും ചെയ്യണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): റബ്ബറിന്റെയും മറ്റു കാർഷികവിളകളുടെയും

വിലയിടിവുമൂലം കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റബ്ബർ കർഷകർക്ക് വിപണിവിലയേക്കാൾ അധികതുക നൽകിയും റബ്ബർ സംഭരണ ഏജൻസികൾക്ക് അധിക ധനസഹായം അനുവദിച്ചുകൊണ്ടും സംഭരണം പുനരാരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. റബ്ബർ ഇറക്കുമതി കുറയ്ക്കുന്നതിനായി റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പച്ചനാളികേര സംഭരണ പദ്ധതി ഊർജ്ജിതപ്പെടുത്തുന്നതിനും സംഭരണവില വർദ്ധിപ്പിച്ച് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നെല്ല് സംഭരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ വിലസ്ഥിരത ഫണ്ടിൽ റബ്ബർ, നാളികേരം തുടങ്ങി കൂടുതൽ കാർഷികവിളകളെ ഉൾപ്പെടുത്തുന്നതിനും വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

(2) ഭിന്നശേഷിയുള്ള കുട്ടികളുടെ വിദ്യാഭ്യാസ സൗകര്യങ്ങൾ

ശ്രീ. മാത്യൂ റ്റി. തോമസ്: സംസ്ഥാനത്തെ ഭിന്നശേഷിയുള്ള കുട്ടികളുടെ വിദ്യാഭ്യാസ സൗകര്യങ്ങളും പുനരധിവാസവും വിപുലപ്പെടുത്തുന്നതിന് നടപടിയുണ്ടാകണം. അന്ധവിദ്യാർത്ഥികൾക്കുള്ള പ്രത്യേക വിദ്യാലയങ്ങളിൽ ഹയർ സെക്കണ്ടറിതലം വരെയെങ്കിലും പഠനസൗകര്യം അനുവദിക്കുന്നതിനും ഭിന്നശേഷിയുള്ള കുട്ടികൾക്കായി അന്താരാഷ്ട്ര നിലവാരമുള്ള പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും മുൻകയ്യെടുക്കണം. ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ വിദ്യാഭ്യാസ സംരക്ഷണവുമായി ബന്ധപ്പെട്ട് നിർണ്ണയിച്ചിരിക്കുന്ന പ്രായപരിധി 25 വയസ്സാക്കി ഉയർത്തുന്നതിനും വിദ്യാർത്ഥി അദ്ധ്യാപക അനുപാതം 3:1 ആക്കി മാറ്റുന്നതിനും ഈ മേഖലയിലുള്ള അദ്ധ്യാപകരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനും നടപടിയുണ്ടാകണം. 25 കുട്ടികൾ വീതമുള്ള ബഡ്സ് സ്കൂളുകൾ എയ്ഡഡാക്കുമ്പോൾ നിലവിലുള്ള അദ്ധ്യാപകരെ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കണം. ക്രെഡിബിളായ എൻ.ജി.ഒ.കൾ നടത്തുന്ന സ്കൂളുകളോടുചേർന്ന് ഗവൺമെന്റിന്റെ മോണിറ്ററിംഗിൽ വൊക്കേഷണൽ ട്രെയിനിംഗ് ഏർപ്പെടുത്തുന്നതിന് സംവിധാനമുണ്ടാക്കണം.

ഭിന്നശേഷിക്കാരുടെ പുനരധിവാസ കേന്ദ്രങ്ങൾ ഗവൺമെന്റ് തലത്തിൽ മാത്രമായി പരിമിതപ്പെടുത്താൻ പാടില്ല. ജനപ്രതിനിധികളുടെയും അദ്ധ്യാപകരുടെയും രക്ഷകർത്താക്കളുടെയും മേൽനോട്ടത്തിൽ ഫെസിലിറ്റേഷൻ സെന്ററുകളും തൊഴിൽ കേന്ദ്രങ്ങളും രൂപപ്പെടുത്താൻ സാധിക്കുമോയെന്ന് പരിശോധിക്കണം. ഭിന്നശേഷിക്കാരായ കുട്ടികൾ നിർമ്മിക്കുന്ന ഉല്പന്നങ്ങൾക്ക് മാർക്കറ്റുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കണം. ഭിന്നശേഷിക്കാർക്ക് തൊഴിൽ നൽകുന്ന സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ഇത്തരം കാര്യങ്ങളിൽ സമൂഹത്തിന്റെയും മാധ്യമങ്ങളുടെയും ശ്രദ്ധ പതിപ്പിക്കുന്നതിനും നടപടിയുണ്ടാകണം. ദേശീയ അവാർഡ് ലഭിച്ച ഭിന്നശേഷിക്കാരായ മൂന്ന് കുട്ടികൾക്ക് അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): നിലവിൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ വിദ്യാഭ്യാസവും പുനരധിവാസവും വിവിധ സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളുടെ ചുമതലയിലാണ് നടന്നുവരുന്നത്. ഇതുമൂലമുണ്ടാകുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി ഒരു ഏകോപന സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാർ

പരിശോധിച്ചുവരികയാണ്. ഭിന്നശേഷി ഗവേഷണത്തിനും പഠനത്തിനുമുള്ള സർവ്വകലാശാലയായി 'നിഷ്" ഉയർത്തപ്പെടുന്നതോടെ വിദ്യാഭ്യാസ പുനരധിവാസ നടപടികൾ ശാസ്ത്രീയമായും കാര്യക്ഷമമായും ക്രമീകരിക്കുവാൻ കഴിയും. ഭിന്നശേഷിക്കാരുടെ വിദ്യാഭ്യാസത്തിനും പുനരധിവാസത്തിനുമായി രൂപീകരിച്ച നയം ബന്ധപ്പെട്ട എല്ലാവരുമായും ആലോചിച്ച് നടപ്പിലാക്കുന്നതാണ്. ഈ വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ ഓരോ വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ വീതം പ്രവർത്തിച്ചുവരുന്നു. 18 വയസ്സിനുമേൽ പ്രായമുള്ള ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും നൽകുന്നതിനായി ബഡ്സ് സ്കൂളുകൾക്ക് കീഴിൽ 118 ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. 25 കുട്ടികൾ വീതമുള്ള ബഡ്സ് സ്കൂളുകൾ എയ്ഡഡ് ആക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. എൻഡോസൾഫാൻ മേഖലയിൽ അസിസ്റ്റീവ് ലിവിംഗ് പദ്ധതി ആരംഭിക്കുകയും കോട്ടേജുകൾ നിർമ്മിച്ച് ഭിന്നശേഷിയുള്ള കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. അദ്ധ്യാപകരുടെ വേതനം വർദ്ധിപ്പിക്കുന്ന കാര്യത്തിന്മേലും അദ്ധ്യാപക-

വിദ്യാർത്ഥി അനുപാതം 3:1 ആക്കുന്ന നിർദ്ദേശത്തിന്മേലും നടപടി സ്വീകരിക്കുന്നതാണ്. ഭിന്നശേഷിക്കാരായ കുട്ടികൾ നിർമ്മിക്കുന്ന സാധനങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തുന്നതാണ്. ദേശീയ തലത്തിൽ അവാർഡ് ലഭിച്ച ഭിന്നശേഷിക്കാരായ മൂന്ന് കുട്ടികൾക്ക് സംസ്ഥാന സർക്കാർ അവാർഡ് നൽകുന്നതാണ്. ഭിന്നശേഷിക്കാരായ ആളുകളെ കൂടുതലായി നിയമിക്കുന്ന സ്ഥാപനങ്ങൾക്ക് സർക്കാർ അവാർഡ് നൽകിവരുന്നു.

## പ്രത്യേക പരാമർശം

### മുല്ലപ്പെരിയാർ ഡാമിൽ ജലനിരപ്പ് ഉയരുന്നതിലുള്ള ആശങ്ക

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): മുല്ലപ്പെരിയാർ ഡാമിൽ ജലനിരപ്പ് ഉയരുന്നതുമായി ബന്ധപ്പെട്ട് ആശങ്ക നിലനിൽക്കുകയാണ്. ജലനിരപ്പ് 142 അടിയായിട്ടും പരിസരവാസികളെ മാറ്റിപാർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽ സർക്കാർ അടിയന്തര ശ്രദ്ധ പതിപ്പിച്ച് ആവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): മുല്ലപ്പെരിയാർ വിഷയം സർക്കാരിന്റെ സജീവ ശ്രദ്ധയിലുള്ള കാര്യമാണ്. ഇക്കാര്യത്തിലുള്ള സംസ്ഥാനത്തിന്റെ ആശങ്ക കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്.

പ്രധാനമന്ത്രി ഉൾപ്പെടെയുള്ള കേന്ദ്ര മന്ത്രിമാരെ വീണ്ടും ഇക്കാര്യം അറിയിക്കുന്നതാണ്. പരിസരവാസികളെ മാറ്റിപാർപ്പിക്കേണ്ട സാഹചര്യമുണ്ടെങ്കിൽ ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് അതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**സബ്മിഷൻ**

(1) സർവ്വകലാശാലയിലെ ജനാധിപത്യ വിരുദ്ധ നടപടി

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): കേരള വെറ്ററിനറി സർവ്വകലാശാലയിലെ ജനാധിപത്യ വിരുദ്ധ നടപടിയും സർക്കാർ അനുവാദമില്ലാതെ എൻ.ആർ.ഐ. ക്വാട്ടയിൽ പ്രവേശനം നൽകുന്നതിനുള്ള നീക്കവും തടയുന്നതിന് നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): വെറ്ററിനറി സർവ്വകലാശാല വിദ്യാർത്ഥികൾക്ക് എൻ.ആർ.ഐ. സീറ്റിൽ പ്രവേശനം നൽകുന്നത് തുല്യനീതി ഉറപ്പാക്കുന്നതിന് വിരുദ്ധമായതിനാലും സർക്കാർ നയങ്ങൾക്ക് എതിരായതിനാലും ആ തീരുമാനം റദ്ദാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ വർഷം എൻ.ആർ.ഐ. ക്വാട്ടയിൽ പ്രവേശനം നടത്തിയിട്ടില്ല. കേരള

വെറ്ററിനറി അനിമൽസ് ആന്റ് സയൻസ് സർവ്വകലാശാല ജനാധിപത്യ വിരുദ്ധവും നിയമാനുസൃതവുമല്ലാത്ത പ്രവൃത്തികൾ നടത്തുന്നുവെന്ന പരാതിയിന്മേൽ വിജിലൻസ് അന്വേഷണം നടത്താൻ ഉത്തരവായിട്ടുണ്ട്.

(2) വ്യാപാരിയുടെ ദുരൂഹ തിരോധാനം

ശ്രീ. കെ. ദാസൻ: കൊയിലാണ്ടി മണ്ഡലത്തിലെ കുറുവങ്ങാട് അബ്ദുൾ അസീസ് എന്ന വ്യാപാരിയുടെ ദുരൂഹ സാഹചര്യത്തിലുള്ള തിരോധാനം അന്വേഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): കൊയിലാണ്ടി പോലീസ് സ്റ്റേഷൻ പരിധിയിലെ കുറുവങ്ങാടുള്ള പലചരക്കു വ്യാപാരി അബ്ദുൾ അസീസിന്റെ തിരോധാനം സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്ത് കൊയിലാണ്ടി സബ് ഇൻസ്പെക്ടർ അന്വേഷണം നടത്തുകയും ലുക്കൗട്ട് നോട്ടീസ് പുറപ്പെടുവിക്കുകയും പത്ര മാധ്യമങ്ങളിലൂടെ വാർത്ത പ്രചരിപ്പിക്കുകയും ചെയ്യുകയുണ്ടായി. കൂടാതെ അദ്ദേഹത്തെ ബാംഗ്ലൂരിൽ കണ്ടെന്ന വാർത്തയെത്തുടർന്ന് അവിടെയും അന്വേഷണം നടത്തുകയുണ്ടായി. അദ്ദേഹത്തിന്റെ ഭാര്യ ജില്ലാ പോലീസ് മേധാവിക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ സമഗ്ര അന്വേഷണം നടത്തുന്നതിന് കോഴിക്കോട് ക്രൈം

എസ്.പി. ക്ക് കേസ് കൈമാറുകയും ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി. അന്വേഷണം നടത്തിവരികയുമാണ്. കേസിന്റെ അന്വേഷണ വിവരം ലഭിക്കുന്ന മുറയ്ക്ക് മേൽനടപടി സ്വീകരിക്കുന്നതാണ്.

(3) തോട്ടം മേഖലയിൽ പാക്കേജ്

ശ്രീമതി ഇ.എസ്. ബിജിമോൾ: തോട്ടം തൊഴിലാളികളെ സംരക്ഷിക്കുന്നതിനും ഈ മേഖലയെ നിലനിർത്തുന്നതിനും കേന്ദ്ര സർക്കാരുമായി ചേർന്ന് 5000 കോടി രൂപയുടെ ഒരു പാക്കേജ് പ്രഖ്യാപിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): ഇത് വളരെ ഗൗരവമുള്ള വിഷയമാണ്. മൂന്നര ലക്ഷത്തോളം ഗ്രാമീണ സ്ത്രീകൾ പണിയെടുക്കുന്ന, ഐ.ടി മേഖലയേക്കാൾ പ്രാധാന്യം നൽകേണ്ട തോട്ടം മേഖലയ്ക്ക് പലപ്പോഴും ആവശ്യത്തിന് ബഡ്ജറ്ററി സപ്പോർട്ട് ലഭിക്കാറില്ല. പ്ലാന്റേഷൻ ലേബർ ആക്ടിൽ മുതലാളിമാരിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്വം കേന്ദ്രസർക്കാർ എടുത്തുമാറ്റുമെന്നാണ് പറഞ്ഞിരിക്കുന്നത്. ഗ്ലോബൽ കോമ്പറ്റീഷനിൽ നമ്മുടെ വിളകൾക്ക് പിടിച്ചുനിൽക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ സോഷ്യൽ

കോസ്റ്റിന്റെ ഉത്തരവാദിത്വം പൂർണ്ണമായും കേന്ദ്ര സർക്കാർ ഏറ്റെടുക്കുകയും അതുവഴി അയ്യായിരം കോടി രൂപയുടെ പാക്കേജ് തോട്ടം തൊഴിലാളികൾക്കുണ്ടാകുമെന്നുമാണ് പ്രതീക്ഷിക്കുന്നത്. കേരളത്തിന്റെ സാഹചര്യം വളരെ ഗുരുതരമാണ്. രണ്ട് ലയങ്ങൾ ഒന്നാക്കി തൊഴിലാളികൾക്ക് സൗകര്യപ്രദമായ രീതിയിൽ താമസസൗകര്യം ഏർപ്പെടുത്തുന്നതാണ്. അത് പൂർത്തീകരിക്കുന്ന മുറയ്ക്ക് കുറേ ലയങ്ങൾകൂടി പണിയുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്ലാന്റേഷൻ സ്റ്റഡി കമ്മിറ്റിയും ട്രേഡ് യൂണിയനും മുന്നോട്ടുവച്ച മറ്റാവശ്യങ്ങൾ സർക്കാർ അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

(4) <u>ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനം</u>

<u>ശ്രീ. പി.സി. വിഷ്ണുനാഥ്</u>: ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ അങ്ങാടിക്കൽ സൗത്ത് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ ഒന്നര മാസത്തിലധികമായി ഇംഗ്ലീഷ്, ഹിസ്റ്ററി, ജ്യോഗ്രഫി, ഇക്കണോമിക്സ്, സുവോളജി, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ തുടങ്ങിയ വിഷയങ്ങൾ പഠിപ്പിക്കുന്നതിന് അദ്ധ്യപകരില്ലാത്ത സാഹചര്യമാണുള്ളത്. സ്ഥലംമാറ്റം വഴി ഈ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിനോ ഗസ്റ്റ് ലക്ചറർമാരെ

നിയമിക്കുന്നതിനോ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): അങ്ങാടിക്കൽ സൗത്ത് ഹയർ സെക്കണ്ടറി സ്കൂളിലെ മേൽപ്പറഞ്ഞ അദ്ധ്യാപകരെ ജനറൽ ട്രാൻസ്ഫറിന് അപേക്ഷിച്ചതിനെത്തുടർന്ന് അവിടെനിന്ന് വിടുതൽ ചെയ്യുകയുണ്ടായി. സ്ഥലംമാറ്റ നിയമനങ്ങൾ നിർത്തിവയ്ക്കാനുള്ള കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പുംമൂലം പകരം അദ്ധ്യാപകരെ നിയമിക്കുന്നതിന് കാലതാമസം നേരിടുകയുണ്ടായി. ഏതാനും ദിവസങ്ങൾക്കുള്ളിൽ പ്രസ്തുത സ്കൂളിൽ അദ്ധ്യാപക നിയമനം നടത്തുന്നതാണ്.

(5) സർക്കാർ ഉടമസ്ഥതയിൽ സിനിമാ തീയേറ്റർ

ശ്രീ. കെ. അജിത്: വൈക്കം നഗരസഭാ അതിർത്തിയിൽ സർക്കാർ ഉടമസ്ഥതയിൽ സിനിമാ തീയേറ്റർ നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സ്ഥലം ലഭിക്കുകയാണെങ്കിൽ വൈക്കത്ത് പി.പി.പി. മാതൃകയിൽ തീയേറ്റർ നിർമ്മിക്കുന്നതിനുള്ള പദ്ധതി

തയ്യാറാക്കാമെന്ന് കെ.എഫ്.ഡി.സി. സർക്കാരിനെ അറിയിച്ചിട്ടുണ്ട്. സിനിമാ തീയേറ്റർ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലിന്മേൽ പദ്ധതി നടപ്പാക്കാനാവശ്യമായ അധിക വിവരങ്ങൾ കെ.എഫ്.ഡി.സി. ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(6) പാലം നിർമ്മാണത്തിന് സ്ഥലം

ശ്രീ. റ്റി.യു കുരുവിള: ആനക്കയം പാലം നിർമ്മാണത്തിന് വനം വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം വിട്ടുനൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സ്ഥലത്തിന്റെ ആവശ്യകതയെ സംബന്ധിച്ച് എഞ്ചിനീയർമാർ ഔദ്യോഗികമായി വനംവകുപ്പിന് പ്രൊപ്പോസൽ കൊടുത്തിട്ടില്ല. ആറ് സെന്റ് സ്ഥലത്തിനകത്ത് പരിമിതപ്പെടുത്തിക്കൊണ്ടുള്ള പ്രൊപ്പോസൽ വനംവകുപ്പിന് സമർപ്പിച്ചാൽ പോസിറ്റീവായ തീരുമാനമെടുക്കാം.

(7) ആശുപത്രി പ്രവർത്തനം കാര്യക്ഷമമാക്കൽ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: തൃശ്ശൂർ ജനറൽ ആശുപത്രിയുടെ പ്രവർത്തനം

കാര്യക്ഷമമാക്കുന്നതിനും സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ നിർമ്മാണം ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): പദവി ഉയർത്തപ്പെട്ട തൃശ്ശൂർ ജനറൽ ആശുപത്രിയിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണിച്ചുവരികയാണ്. പുതുതായി നിർമ്മിച്ച ഒ.പി. ബ്ലോക്കിന്റെ പ്രവർത്തനം ലിഫ്റ്റിന്റെ പണി പൂർത്തിയാകുന്നതോടെ കാര്യക്ഷമമാകുന്നതാണ്. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണത്തിന് ഏഴ് കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ അനുവദിക്കുകയും പ്രാരംഭപ്രവർത്തനങ്ങൾ നടത്തിവരികയുമാണ്.

(8) അരീക്കോട് യൂനാനി ആശുപത്രി

ശ്രീ. പി.കെ. ബഷീർ: ഏറനാട് നിയോജകമണ്ഡലത്തിൽ അരീക്കോട് ആസ്ഥാനമായി യൂനാനി ആശുപത്രി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിൽ വിവിധ ജില്ലകളിലായി

പ്രവർത്തിച്ചുവരുന്ന യുനാനി ഡിസ്പെൻസറികൾക്ക് പുറമെ അരീക്കോട് കേന്ദ്രമായി യുനാനി ആശുപത്രി ആരംഭിക്കുന്ന കാര്യം ആവശ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(9) ക്ഷേത്ര വരുമാനത്തിന്റെ വിനിയോഗവും ധനസഹായം അനുവദിക്കലും

ശ്രീ. വി.ഡി. സതീശൻ: ക്ഷേത്രങ്ങളിലെ വരുമാനം സർക്കാർ കവർന്നെടുത്ത് മറ്റ് കാര്യങ്ങൾക്ക് ചെലവഴിക്കുന്നുവെന്ന ആക്ഷേപങ്ങൾ വ്യാപിക്കുന്ന സാഹചര്യത്തിൽ ശബരിമല ഉൾപ്പെടെയുള്ള ക്ഷേത്രങ്ങൾക്ക് ലഭിക്കുന്ന ധനസഹായം മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നുണ്ടോയെന്നും ക്ഷേത്രങ്ങൾക്കും ദേവസ്വം ബോർഡുകൾക്കും ഗ്രാന്റോ മറ്റ് ധനസഹായമോ സർക്കാർ അനുവദിക്കുന്നുണ്ടോയെന്നും വ്യക്തമാക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): ശബരിമല ഉൾപ്പെടെയുള്ള ക്ഷേത്രങ്ങളിൽനിന്നുള്ള വരുമാനം സർക്കാർ വകമാറ്റി ചെലവഴിക്കുന്നുവെന്ന പ്രചാരണം അടിസ്ഥാന രഹിതമാണ്. തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകളുടെ കീഴിലുള്ള

ക്ഷേത്രങ്ങളിലെ വരുമാനം അതത് ദേവസ്വം ബോർഡുകളുടെ ബാങ്ക് അക്കൗണ്ടിലും മലബാർ, ഗുരുവായൂർ, കൂടൽമാണിക്യം ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളിലെ വരുമാനം അതത് ക്ഷേത്രങ്ങളുടെ ബാങ്ക് അക്കൗണ്ടുകളിലും നിക്ഷേപിച്ചുവരുന്നു. തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകളുടെ വരവ്-ചെലവ് കണക്കുകൾ ഹൈക്കോടതി നിയോഗിച്ചിട്ടുള്ള ഓഡിറ്റർമാരും മലബാർ, ഗുരുവായൂർ, കൂടൽമാണിക്യം ദേവസ്വം ബോർഡുകളുടെ ഓഡിറ്റിംഗ് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പും നിർവ്വഹിക്കുന്നു. ദേവസ്വം ബോർഡുകളുടെയും ക്ഷേത്രങ്ങളുടെയും ഓഡിറ്റ് റിപ്പോർട്ടുകളിൽനിന്നും വരുമാനം സംബന്ധിച്ച കണക്കുകൾ വ്യക്തമാകുന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ശബരിമല ഉൾപ്പെടെയുള്ള വിവിധ ക്ഷേത്രങ്ങൾക്കായി തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി 106.30 കോടി രൂപയും കൊച്ചിൻ ദേവസ്വം ബോർഡിനുവേണ്ടി രണ്ട് കോടി രൂപയും മലബർ ദേവസ്വം ബോർഡിനുവേണ്ടി 60.31 കോടി രൂപയും ചെലവഴിച്ചതോടൊപ്പം ശ്രീപത്മനാഭസ്വാമി

ക്ഷേത്രത്തിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട് 62.18 കോടി രൂപയും കൂടൽമാണിക്യം ദേവസ്വത്തിനുവേണ്ടി 50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ ശബരിമല റോഡുകളുടെ നിർമ്മാണത്തിനുവേണ്ടി 540 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന്റെ ഗ്രാന്റ് 18 കോടി രൂപയിൽ നിന്നും 33 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ക്ഷേത്രസംരക്ഷണത്തിനും പുരോഗതിക്കുംവേണ്ടി ഖജനാവിൽ നിന്നും പണം ചെലവഴിക്കുന്ന സാഹചര്യത്തിൽ ക്ഷേത്രങ്ങളുടെ വരുമാനം വകമാറ്റുന്നുവെന്ന് വ്യാജപ്രചരണം നടത്തുന്നത് ഖേദകരമാണ്.

(10) <u>പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജ്</u>

<u>ശ്രീ. ജി.എസ്. ജയലാൽ</u>: പാരിപ്പള്ളി കേന്ദ്രമാക്കി ആരംഭിച്ച ഇ.എസ്.ഐ. മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും തൊഴിലാളികളുടെ ആനുകൂല്യങ്ങൾ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി.എസ്.</u>

ശിവകുമാർ): പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്ത് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇ.എസ്.ഐ. സ്കീമിൽ ഇൻഷ്വർ ചെയ്തിട്ടുള്ള തൊഴിലാളികൾക്കും കുടുംബാംഗങ്ങൾക്കും മെഡിക്കൽ കോളേജിൽ സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതിനും ഇവരുടെ കുട്ടികൾക്ക് എം.ബി.ബി.എസ്.-ന് അർഹമായ സീറ്റ് സംവരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് ധനകാര്യ വകുപ്പ് നടപടികൾ സ്വീകരിക്കുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

വിനോദസഞ്ചാര വകുപ്പിന്റെ നേതൃത്വത്തിൽ ജി.കെ.എസ്.എഫ്-ന്റെ ഒൻപതാമത് സീസണിൽ നടപ്പിലാക്കുന്ന 'അവർക്കായി നമുക്കു വാങ്ങാം' എന്ന പദ്ധതിയെ സംബന്ധിച്ച് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽ കുമാർ ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

## നിയമനിർമ്മാണകാര്യം

(1) 2012-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): 2012-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ അവതരിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>): 2012-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. കെ.പി. മോഹനൻ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>): 1974-ലെ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് പൊല്യൂഷൻ ആക്ട് അനുസരിച്ച് സംസ്ഥാനത്ത് നിലവിൽ വന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനങ്ങളെ ജീവനക്കാരുടെ കുറവ് പ്രതികൂലമായി ബാധിച്ചിരിക്കുന്ന സാഹചര്യത്തിൽ പി.എസ്.സി. മുഖേന കൂടുതൽ ജീവനക്കാരെ നിയമിച്ച് ബോർഡിന്റെ

പ്രവർത്തനങ്ങൾ സുഗമമാക്കുകയെന്ന ഉദ്ദേശത്തോടെ കൊണ്ടുവന്നിരിക്കുന്ന ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. സി. ദിവാകരൻ: 2012-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-01-2016 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തെ മാലിന്യ വിമുക്തമാക്കുക എന്ന ഉദ്ദേശത്തോടെയാണ് പൊല്യൂഷൻ കൺട്രോൾ ബോർഡിന് രൂപം നൽകിയതെങ്കിലും ഈ ബോർഡിൽ നിന്ന് യാതൊരുവിധ സേവനവും ജനങ്ങൾക്ക് ലഭിക്കുന്നില്ല. ഫാക്ടറികളും സ്ഥാപനങ്ങളും തുടങ്ങുമ്പോൾ ലൈസൻസ് കൊടുക്കുക മാത്രമാണ് ബോർഡ് ചെയ്യുന്നത്. നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ട പല സ്ഥാപനങ്ങളിലും നിയമം അംഗീകരിച്ച് റൂളുണ്ടാക്കുന്നതിനിടയ്ക്ക് പിൻവാതിൽ നിയമനങ്ങൾ നടക്കുകയാണ്. ആ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്ന് ആളുകളെ നിയമിക്കണം. നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്നതിനോട് യോജിക്കുന്നു. അതോടൊപ്പം

ബോർഡിന്റെ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്ന തരത്തിലുള്ള ശക്തമായ നടപടികളും ഇടപെടലുകളുമുണ്ടാകണം.

ശ്രീ. എം. ഉമ്മർ: 2015 -ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1974-ൽ പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടാൻ സ്വീകരിച്ച നടപടി ശ്ലാഘനീയമാണ്. സാങ്ഷൻഡ് പോസ്റ്റിലെ നിയമനം കൊണ്ടുമാത്രം ബോർഡിന്റെ പ്രവർത്തനം സുഗമമാക്കാൻ സാധിക്കില്ല. എല്ലാത്തരം മാലിന്യങ്ങളിൽനിന്നും പ്രകൃതിയെയും മനുഷ്യനെയും രക്ഷിക്കാനുള്ള ഉത്തരവാദിത്തമാണ് ബോർഡിനുള്ളത്. മാലിന്യ നിർമ്മാർജ്ജനം ശാസ്ത്രീയമായി കൈകാര്യം ചെയ്യാൻ പൊതുസമൂഹവും സർക്കാരും സ്വകാര്യ ഏജൻസികളും ഉൾപ്പെടുന്ന സംയോജിത നയരൂപീകരണം ആവശ്യമാണ്. ബോർഡിന്റെ പ്രവർത്തനമേഖലയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആവശ്യമായ തസ്തികകളിലേയ്ക്ക് അടിയന്തരമായി നിയമനം നടത്തണം.

മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അൻപതിനായിരത്തോളം സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നതിനാവശ്യമായ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തണം. പ്രധാനപ്പെട്ട നഗരങ്ങളിൽ എയർ ക്വാളിറ്റി മോണിറ്ററിംഗ് സംവിധാനം ആരംഭിക്കണം. ഇ-മാലിന്യങ്ങൾ ശേഖരിക്കുന്നതിനും ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും ആവശ്യമായ സംവിധാനമുണ്ടാക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനം ഫലപ്രദമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. രാജു എബ്രഹാം: മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള നിയമനം പി.എസ്.സി.ക്ക് വിടാനുള്ള തീരുമാനം സ്വാഗതാർഹമാണ്. 1974-ൽ നിലവിൽവന്ന മലിനീകരണ നിയന്ത്രണ ബോർഡിൽ കാലഘട്ടത്തിനനുസരിച്ചുള്ള ആധുനികവൽക്കരണം ആവശ്യമാണ്. ബയോ ഡൈവേഴ്സിറ്റി ബോർഡും എൻവയോൺമെന്റ് മാനേജ്മെന്റ് ഏജൻസിയും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും മലിനീകരണം നിയന്ത്രണ വിധേയമാക്കാൻ സാധിക്കുന്നില്ല. റീസൈക്ലിംഗ് കേന്ദ്രങ്ങൾ ആരംഭിച്ച് പ്ലാസ്റ്റിക് മലിനീകരണത്തിന് പരിഹാരമുണ്ടാക്കാൻ

നടപടി സ്വീകരിക്കണം. കാറ്ററിംഗ് അവശിഷ്ടങ്ങൾ, കോഴിമാലിന്യം എന്നിവ നിക്ഷേപിക്കുന്നത് സംബന്ധിച്ച് വ്യക്തമായ കാഴ്ചപ്പാടോടുകൂടിയുള്ള ചർച്ചകൾ ആവശ്യമാണ്. മലിനീകരണ നിയന്ത്രണബോർഡും തദ്ദേശസ്വയംഭരണ വകുപ്പും സർക്കാരും സംയുക്തമായി ആലോചിച്ച് മാലിന്യ നിർമ്മാർജ്ജനത്തിനാവശ്യമായ സംവിധാനമേർപ്പെടുത്തണം. അനധികൃത ഫ്ലാറ്റ് നിർമ്മാണം പാടശേഖരം നികത്തൽ എന്നിവയുമായി ബന്ധപ്പെട്ട നിയമങ്ങളിൽ ഭേദഗതി വരുത്തി നിയമവിധേയമാക്കാനുള്ള നടപടി സ്വീകരിക്കണം. പമ്പ റിവർ ആക്ഷൻ പ്ലാനിന് ആവശ്യമായ സപ്പോർട്ട് ലഭ്യമാക്കാനും പെരിയാർ റിവർ ആക്ഷൻ പ്ലാൻ നടപ്പാക്കാനും സർക്കാർ നടപടി സ്വീകരിക്കണം. വികസന പ്രവർത്തനങ്ങൾ അട്ടിമറിക്കുന്ന വ്യാജ പരിസ്ഥിതിവാദികളെ തിരിച്ചറിയുന്നതിനും ഇത്തരക്കാരുടെ പ്രവർത്തനങ്ങൾ തടയുന്നതിനും പ്രത്യേക ശ്രദ്ധ ചെലുത്തണം.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: മലിനീകരണനിയന്ത്രണ ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ട നടപടിയോട് യോജിക്കുന്നു. ബോർഡിന്റെ പ്രവർത്തനം ശക്തമാക്കുന്നതിനാവശ്യമായ തസ്തികകൾ

സൃഷ്ടിക്കണം. ശാസ്ത്ര സാങ്കേതിക രംഗത്തുണ്ടായിട്ടുള്ള വളർച്ചയുടെയും ആധുനിക കാഴ്ചപ്പാടിന്റെയും അടിസ്ഥാനത്തിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനങ്ങളിൽ അഴിച്ചുപണി നടത്തേണ്ടതാവശ്യമാണ്. ജലമലിനീകരണവും അന്തരീക്ഷ മലിനീകരണവും ഉയർത്തുന്ന ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തണം. ആഗോളതാപനംമൂലമുണ്ടാകുന്ന അന്തരീക്ഷ മലിനീകരണം ഗൗരവമായി കാണണം. പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾക്ക് പ്രാമുഖ്യം നൽകണം. ഭൂഗർഭജലമലിനീകരണം തടയാനും ഇ-മാലിന്യങ്ങൾ നിയന്ത്രിക്കാനും ശബ്ദമലിനീകരണം തടയാനും നടപടി സ്വീകരിക്കണം. കൂടുതൽ സ്ഥലങ്ങളിൽ ബയോ മെഡിക്കൽ ലാബ് സ്ഥാപിക്കുകയും മാലിന്യ സംസ്കരണം സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയും വേണം. മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്നതോടൊപ്പം മലിനീകരണത്തിന് നിയന്ത്രണമേർപ്പെടുത്താനും മാനവരാശി നേരിടുന്ന മാലിന്യപ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ബോർഡിന്റെ പ്രവർത്തനം ശാക്തീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): പ്രായോഗികമായ നിർദ്ദേശങ്ങളാണ് ബഹുമാനപ്പെട്ട അംഗങ്ങൾ മുന്നോട്ടുവച്ചത്. നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മിഷന് വിടുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായാണ് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനു കീഴിലുള്ള നിയമനങ്ങൾ പി.എസ്.സി.ക്ക് വിടാൻ തീരുമാനിച്ചത്. മലിനീകരണ നിയന്ത്രണ ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അൻപതിനായിരത്തോളം യൂണിറ്റുകൾ പരിശോധിക്കുന്നതിന് ആവശ്യമായ ജീവനക്കാരെയും ശാസ്ത്രജ്ഞരെയും നിയമിക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ലാബ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും എറണാകുളത്തും കോഴിക്കോട്ടും ലാബ് അനുവദിക്കുന്നതിനും ബയോമെഡിക്കൽ വേസ്റ്റുമായി ബന്ധപ്പെട്ട് ഐ.എം.എ.-ക്ക് സ്ഥലം അനുവദിക്കുന്നതിനുമുള്ള നടപടികളായിട്ടുണ്ട്. വലിയ ആശുപത്രികളിലെ ബയോമെഡിക്കൽ വേസ്റ്റ് അവിടെത്തന്നെ സംസ്കരിക്കണമെന്നും പ്ലാസ്റ്റിക് നിരോധിക്കണമെന്നുമുള്ള നിലപാടാണ് സർക്കാരിനുള്ളത്. കുടിവെള്ള-ശബ്ദ മലിനീകരണം തടയുന്ന കാര്യത്തിൽ സർക്കാർ നടപടികൾ സ്വീകരിച്ചു വരികയാണ്. മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾ

പി.എസ്.സി.-ക്ക് വിടുന്നതിന് തീരുമാനമെടുക്കുന്നതാണ്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2012-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

## 2. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

### (1) 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സബ്ജക്ട് കമ്മിറ്റി

റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സംസ്ഥാനത്തെ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള 9 സർവ്വകലാശാലകളിലെയും കൃഷി വകുപ്പിന് കീഴിലുള്ള 2 സർവ്വകലാശാലകളിലെയും ഫിഷറീസ് വകുപ്പിന്റെയും ആരോഗ്യ വകുപ്പിന്റെയും കീഴിലുള്ള ഓരോ സർവ്വകലാശാലകളിലെയും അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ നിയമനങ്ങൾ അതാത് സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ടുകളുടെ വ്യവസ്ഥകൾക്കനുസരിച്ച് സർവ്വകലാശാലകളാണ് നടത്തിവരുന്നത്. അദ്ധ്യാപക നിയമനം യു.ജി.സി. നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ച് സെലക്ഷൻ സമിതികളും അനദ്ധ്യാപക നിയമനം സർവ്വകലാശാലകൾ സ്വയം നിശ്ചയിച്ച മാനദണ്ഡങ്ങൾക്കനുസരിച്ചുമാണ് നടത്തിവരുന്നത്. അക്കാദമികമായ മികവിനും സർവ്വകലാശാലയുടെ കാര്യക്ഷമമായ ഭരണത്തിനും ഊന്നൽ നൽകേണ്ട സർവ്വകലാശാല

ഭരണസംവിധാനത്തിന് അനദ്ധ്യാപക നിയമന കാര്യത്തിൽ കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടിവരുന്നതിനാൽ അത് സർവ്വകലാശാലകളുടെ കാര്യക്ഷമമായ നടത്തിപ്പിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനങ്ങളിൽ വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നതായി ലഭിച്ചിട്ടുള്ള വിവിധ പരാതികൾ സർക്കാർ പരിശോധിക്കുകയും അതനുസരിച്ച് കേരളത്തിലെ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊണ്ട് ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തു.

സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ നിർവ്വഹിക്കുന്നതിനുവേണ്ടി സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷനെ അധികാരപ്പെടുത്തുന്നതിനായി ഭരണഘടനയിലെ 321-ാം അനുച്ഛേദ പ്രകാരം ഒരു നിയമനിർമ്മാണം നടത്തിയതിനുശേഷം സർവ്വകലാശാലകളിലെ അനദ്ധ്യാപക ജീവനക്കാരുടെ നിയമനവും മറ്റ് സേവന വ്യവസ്ഥകളും സംബന്ധിച്ച് കമ്മീഷനുമായി കൂടിയാലോചന നടത്തി സർക്കാരിന് ചട്ടങ്ങളുണ്ടാക്കാവുന്നതും ആക്ടിലെയും അതിൻകീഴിലുണ്ടാക്കുന്ന ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കനുസൃതമായി പബ്ലിക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കുന്ന റാങ്ക്

ലിസ്റ്റിൽനിന്നും സർവ്വകലാശാലകൾക്ക് നിയമനം നടത്താവുന്നതുമാണ്. പ്രസ്തുത ഉദ്ദേശ്യം നിറവേറ്റുന്നതിനായാണ് ഇത്തരത്തിൽ ഒരു പ്രത്യേക നിയമനിർമ്മാണം കൊണ്ടുവരാൻ സർക്കാർ തീരുമാനിച്ചത്. പിൻവാതിൽ നിയമനം നടത്തുന്നതിനോ സ്വകാര്യ യൂണിവേഴ്സിറ്റി രൂപീകരിക്കുന്നതിനോ സർക്കാർ നടപടി കൈക്കൊണ്ടിട്ടില്ല. വൈസ് ചാൻസിലർമാരെ അതാത് യൂണിവേഴ്സിറ്റികളിലെ നിയമങ്ങൾക്ക് വിധേയമായാണ് നിയമിച്ചിട്ടുള്ളത്. പരീക്ഷകൾ ഔട്ട് സോഴ്സ് ചെയ്യുന്നത് സംബന്ധിച്ച് അദ്ധ്യാപക-വിദ്യാർത്ഥി സംഘടനകളുമായി ഇന്ന് വൈകുന്നേരം ചർച്ച നടത്തുന്നുണ്ട്. വിദ്യാഭ്യാസ മേഖലയിലെ സംവരണം എടുത്തുമാറ്റിയ കേന്ദ്ര സർക്കാരിന്റെ നടപടി പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

<u>ഡോ. കെ. ടി. ജലീൽ:</u> സർ, വിയോജിപ്പ് രേഖപ്പെടുത്തുന്നു. സംസ്ഥാനത്ത് 13 സർവ്വകലാശാലകളിലായി നാലായിരത്തോളം അനദ്ധ്യാപക തസ്തികകളിൽ താൽക്കാലിക നിയമനം നടത്തിയിട്ടുണ്ട്. ആ നിയമനങ്ങൾ പല കാരണങ്ങൾ പറഞ്ഞും റഗുലറൈസ് ചെയ്യാനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട യൂണിവേഴ്സിറ്റികളിൽനിന്ന് ഭരണസമിതികളുടെ ശിപാർശയോടെ സർക്കാരിലേയ്ക്ക് വന്നിട്ടുണ്ട്. അത്തരത്തിലുള്ള നിയമനങ്ങൾക്ക് സർക്കാർ

അംഗീകാരം നൽകിയാൽ സംവരണതത്വം ബലി കഴിക്കപ്പെടും. കാലിക്കറ്റ് സർവ്വകലാശാലയിലെ അനദ്ധ്യാപക നിയമനങ്ങളുമായി ബന്ധപ്പെട്ട് കോടിക്കണക്കിന് രൂപയുടെ അഴിമതിയാരോപണങ്ങളാണ് ഉയർന്നുവരുന്നത്. അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതപോലും പരിഗണിക്കാതെയാണ് സർവ്വകലാശാല സ്വാശ്രയ കോളേജുകൾക്ക് അനുമതി നൽകിവരുന്നത്. അക്കാദമിക് നിലവാരത്തിന്റെ കാര്യത്തിൽ ഉന്നതവിദ്യാഭ്യാസ മേഖല പിന്നോട്ടുപോകുന്നതിന് ഇത്തരം ക്രമക്കേടുകൾ കാരണമായിത്തീരും. കുസാറ്റിൽ സ്വീപ്പർ തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്ന നടപടിക്രമങ്ങൾ നിർത്തിവയ്ക്കാൻ സർക്കാർ നിർദ്ദേശം നൽകുകയും ഡ്രൈവിംഗ് ടെസ്റ്റിൽ പരാജയപ്പെട്ടയാളെ ഡ്രൈവർ തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റിൽ ഒന്നാമതായി ഉൾപ്പെടുത്തിയിരിക്കുന്നത് സംബന്ധിച്ച് അന്വേഷണം നടത്തുകയും വേണം. കേരള വെറ്ററിനറി സർവ്വകലാശാലയിൽ മെരിറ്റ് സീറ്റിൽ അഡ്മിഷൻ നൽകുന്നതിനുപോലും ലക്ഷക്കണക്കിന് രൂപ കോഴ വാങ്ങുകയാണ്. ഏറെ കൊട്ടിഘോഷിച്ച കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി ഇതുവരെ പ്രാവർത്തികമായിട്ടില്ല. സാമ്പത്തിക പ്രതിസന്ധി നിമിത്തം കാർഷിക സർവ്വകലാശാലയിലെ ഉയർന്ന തസ്തികകളിലൊന്നും വർഷങ്ങളായി നിയമനം

നടത്തുന്നില്ല. അറുപത് ശതമാനത്തിലേറെ അനദ്ധ്യാപക തസ്തികകളും ഒഴിഞ്ഞുകിടക്കുകയാണ്. നിശ്ചിത സമയത്തിനുള്ളിൽ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തില്ലെങ്കിൽ ബന്ധപ്പെട്ട സ്ഥാപന മേധാവിക്ക് ശിക്ഷ നൽകുന്നതിനുള്ള വ്യവസ്ഥകൂടി ബില്ലിൽ ഉൾപ്പെടുത്തണം. സംസ്കൃത സർവ്വകലാശാലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി മാത്രമേ അനദ്ധ്യാപക തസ്തികകളിൽ താൽക്കാലിക നിയമനം നടത്താവൂ എന്ന ഹൈക്കോടതി ഉത്തരവ് പാലിക്കണം. ഫിഷറീസ് സർവ്വകലാശാലയിൽ അദ്ധ്യാപക നിയമനങ്ങളിൽ എസ്.സി./എസ്.ടി സംവരണം ഉൾപ്പെടെ അട്ടിമറിക്കപ്പെടുന്ന വിധത്തിൽ ഇറക്കിയിട്ടുള്ള വിജ്ഞാപനം പിൻവലിക്കണം. കേരള സർവ്വകലാശാലയിൽ ചട്ടങ്ങൾ ലംഘിച്ച് താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താനുള്ള നീക്കവും കണ്ണൂർ, എം.ജി. സർവ്വകലാശാലകളിൽ അനദ്ധ്യാപക തസ്തികകളിൽ ആശ്രിതരെ നിയമിച്ച് സ്ഥിരപ്പെടുത്താനുള്ള നീക്കവും ഉപേക്ഷിക്കണം. നിയമനവുമായി ബന്ധപ്പെട്ട അഴിമതി, സ്വജനപക്ഷപാതം തുടങ്ങിയവ പരിഹരിക്കുന്നതിന് ഈ ബിൽ സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. വിവിധ സ്ഥാപനങ്ങളിൽ കരാർ അടിസ്ഥാനത്തിൽ നിയമനം കിട്ടിയവരെ സ്ഥിരപ്പെടുത്താൻ സർക്കാരിലേയ്ക്ക്

വന്നിട്ടുള്ള ശിപാർശകൾ നടപ്പാക്കിയാൽ ബില്ലിന് പ്രസക്തിയില്ലാതാകും.

ശ്രീ. ഇ. ചന്ദ്രശേഖരൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സർവ്വകലാശാലകളിൽ പി.എസ്.സി. മുഖേന അനദ്ധ്യാപക നിയമനങ്ങൾ നടത്തപ്പെടുന്നതോടെ ആ പ്രക്രിയ വ്യവസ്ഥാപിതവും സുതാര്യവുമാകുകയാണ്. സർവ്വകലാശാലകളിലെ നിലവിലുള്ള അനദ്ധ്യാപക ഒഴിവുകളിൽ താല്ക്കാലികമായി നിയമിക്കപ്പെട്ടവരെ സ്ഥിരപ്പെടുത്താനുള്ള നീക്കം തടയണം. കേരള സർവ്വകലാശാലയിൽ നിന്ന് വിരമിച്ച ജീവനക്കാർക്ക് പുനർനിയമനം നൽകാനുള്ള നീക്കം സംസ്ഥാനത്തെ തൊഴിലില്ലാത്ത ചെറുപ്പക്കാരോട് കാണിക്കുന്ന അനീതിയാണ്. എം.ജി. സർവ്വകലാശാല നിയമനങ്ങളിൽ ഉയർന്ന ആരോപണം ഗവർണ്ണർ അന്വേഷിക്കണമെന്ന് ഹൈക്കോടതി ആവശ്യപ്പെട്ട സാഹചര്യം ഗൗരവതരമാണ്. സ്വകാര്യ സർവ്വകലാശാലകൾ രൂപീകരിക്കാനും പരീക്ഷകൾ ഔട്ട് സോഴ്സ് ചെയ്യാനുമുള്ള ശ്രമം അപകടകരമാണ്. സർവ്വകലാശാലകളുടെ തലപ്പത്ത് ഇരിക്കുന്നവർ രാഷ്ട്രീയ-ജാതി-മത സംഘടനകളുടെ വക്താക്കളാകാതിരിക്കാനുള്ള പ്രത്യേക ശ്രദ്ധ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഈ ബില്ലിന്റെ ഉദ്ദേശ്യശുദ്ധിയെ മറികടക്കാനുള്ള നീക്കങ്ങളെ ജാഗ്രതയോടുകൂടി ചെറുക്കണം.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സർവ്വകലാശാലകളിലെ അനദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി.മുഖേന നടത്തുന്നതിനുള്ള നിയമനിർമ്മാണം ശ്രദ്ധേയമാണ്. എ.പി.ജെ. അബ്ദുൾ കലാമിന്റെ പേരിൽ സാങ്കേതിക സർവ്വകലാശാലയും തുഞ്ചത്തെഴുത്തച്ഛന്റെ പേരിൽ മലയാളം സർവ്വകലാശാലയും ആരംഭിക്കാൻ കഴിഞ്ഞത് അഭിമാനാർഹമാണ്. കോളേജുകൾക്ക് ആട്ടോണമസ് പദവി നൽകാനുള്ള തീരുമാനം കാലാനുസൃതമായി കൈക്കൊണ്ടതാണ്. കേരള സർവ്വകലാശാലയിലെ അസിസ്റ്റന്റ് നിയമനത്തട്ടിപ്പിനെ തുടർന്നുള്ള സംഭവവികാസങ്ങൾ കാരണമാണ് സർവ്വകലാശാലയിലെ അനദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി.ക്ക് വിടാൻ എൽ.ഡി.എഫ്. സർക്കാർ തയ്യാറായത്. 2010-ൽ തീരുമാനമെടുത്തിട്ടും നിയമം പാസ്സാക്കാൻ കഴിയാത്തവരാണ് ഇപ്പോൾ കാലതാമസത്തിന്റെ പേരിൽ യു.ഡി.എഫ്. സർക്കാരിനെ വിമർശിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത്

സർവ്വകലാശാലാ അസിസ്റ്റന്റ് നിയമനത്തിലുണ്ടായ അഴിമതിയാണ് അനദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി.ക്ക് വിടാൻ സാഹചര്യമുണ്ടാക്കിയത്. സർവ്വകലാശാലകളിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ മേലധികാരികൾ കാലതാമസം വരുത്തുന്നില്ലെന്ന് ഉറപ്പുവരുത്തണം. നിയമ പ്രശ്നങ്ങളില്ലെങ്കിൽ പ്രാബല്യത്തിലുള്ള സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും സർവ്വകലാശാലയിൽ ഒഴിവുള്ള അസിസ്റ്റന്റ് തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്ന കാര്യം പരിഗണിക്കണം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരള സർവ്വകലാശാലയിലെ അസിസ്റ്റന്റ് നിയമന തട്ടിപ്പിന്റെ പശ്ചാത്തലത്തിലാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. സർവ്വകലാശാലാ അദ്ധ്യാപകരുടെ നിയമനവും ഭാവിയിൽ പി.എസ്.സി.ക്ക് വിടുന്നത് സംബന്ധിച്ച് പരിശോധിക്കേണ്ടതാണ്. ഗവേഷണങ്ങളുടെയും പരീക്ഷണങ്ങളുടെയും

മാത്രമല്ല, വിദ്യാർത്ഥികളുടെ വിജ്ഞാനദാഹത്തിനുള്ള എല്ലാ സഹായവും ലഭിക്കുന്ന കേന്ദ്രമായി സർവ്വകലാശാലകളെ മാറ്റിയെടുക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് നടത്തിയ പരീക്ഷണങ്ങൾ അഭിനന്ദനാർഹമാണ്. സർവ്വകലാശാലകളിൽ ഫാക്കൽറ്റി ട്രെയിനിംഗ് അക്കാദമി സ്ഥാപിച്ച വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുന്നു. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നിർദ്ദേശമനുസരിച്ച് സർവ്വകലാശാലകളിൽ ഏകീകൃത അക്കാദമിക് കലണ്ടർ ഏർപ്പെടുത്തുന്നതോടൊപ്പം ഏകീകൃത പാഠ്യപദ്ധതിയും സിലബസും ഏർപ്പെടുത്തുന്ന കാര്യത്തിലും നടപടി സ്വീകരിക്കേണ്ടതാണ്. കേന്ദ്ര ഗവൺമെന്റിന്റെ RUSA സ്കീം പ്രകാരമുള്ള പദ്ധതികൾ നഷ്ടപ്പെട്ടുപോകാതിരിക്കാൻ പ്രത്യേക ശ്രദ്ധ പതിപ്പിക്കണം. ഉന്നത വിദ്യാഭ്യാസ രംഗത്ത് കാലാനുസൃതമായ പരിഷ്കാരങ്ങൾ വരുത്തുന്നതിനായി കമ്മീഷനെ നിയോഗിക്കുന്നതിനും കമ്മീഷൻ നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും ഏർപ്പാടുണ്ടാക്കണം. ബില്ലിലെ വകുപ്പ് 2 (13)-നു ശേഷം പതിനാലാമതായി 'കേരള സംസ്ഥാനത്ത് ഇനി രൂപീകൃതമാകുന്ന സർവ്വകലാശാലകൾക്കുകൂടി അദ്ധ്യാപകേതര ജീവനക്കാരെ നിയമിക്കുമ്പോൾ ഈ നിയമം ബാധകമായിരിക്കും' എന്ന ഒരു ക്ലാസ്

കൂട്ടിച്ചേർക്കണം.

<u>ശ്രീ. ടി.വി. രാജേഷ്:</u> കേരളത്തിലെ സർവ്വകലാശാലകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനും നിയമനങ്ങളിൽ കൂടുതൽ സുതാര്യത ഉറപ്പാക്കാനും ക്രമക്കേടിന് അറുതി വരുത്താനുമാണ് അനദ്ധ്യാപക നിയമനം പി.എസ്.സി.ക്ക് വിട്ടത്. സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലെ നിയമനം 2010-ൽ തന്നെ പി.എസ്.സി.ക്ക് വിട്ടുകൊണ്ട് കഴിഞ്ഞ സർക്കാർ ഉത്തരവിറക്കിയിരുന്നതാണ്. അഞ്ചുവർഷമായിട്ടും അത് പ്രാവർത്തികമാക്കാൻ ഈ സർക്കാർ അറച്ചു നിന്നതിൽനിന്നും സർക്കാരിന്റെ ആത്മാർത്ഥതയില്ലായ്മയാണ് വ്യക്തമാകുന്നത്. മാനദണ്ഡങ്ങൾ പാലിക്കാതെയാണ് വികലാംഗ നിയമനങ്ങൾ നടത്തിയിരിക്കുന്നത്. കണ്ണൂർ സർവ്വകലാശാലയിൽ മാനദണ്ഡങ്ങൾ ലംഘിച്ച് നിയമനം നേടിയവരെ പിരിച്ചുവിടണമെന്ന ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റെ നിർദ്ദേശം വകവയ്ക്കാതെ വിരമിച്ച ആളുകളെ ആകർഷകമായ ശമ്പളത്തിൽ നിയമിക്കാനുള്ള നീക്കമാണ് നടത്തുന്നത്. നിരവധി വർഷങ്ങളായി സർവ്വകലാശാലകളിൽ കരാർ ജീവനക്കാരെന്ന പേരിൽ ഇഷ്ടക്കാരെ തിരുകി കയറ്റുന്ന സമ്പ്രദായമാണ് സ്വീകരിച്ചുവരുന്നത്. പരീക്ഷ ഔട്ട്സോഴ്സ് ചെയ്യുന്ന

വാണിജ്യ സമ്പ്രദായം അടിയന്തരമായി തിരുത്തണം. അഡ്വൈസ് മെമ്മോ ലഭിച്ചവർക്ക് നിയമന ഉത്തരവ് നൽകാൻ നടപടി സ്വീകരിക്കണം. അഭ്യസ്തവിദ്യരുടെ കാര്യത്തിൽ അനുഭാവപൂർവ്വമായ നിലപാട് സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ അബ്ദു റബ്ബ്): യൂണിവേഴ്സിറ്റി നിയമനങ്ങളിൽ കാലാകാലങ്ങളിൽ സർക്കാരും അതാതു സിൻഡിക്കേറ്റുകളും എടുക്കുന്ന തീരുമാനങ്ങളാണ് തുടർന്നുവരുന്നത്. സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലെ നിയമനം 2010-ൽ പി.എസ.സി.-ക്ക് വിട്ടുകൊണ്ട് കഴിഞ്ഞ സർക്കാർ ഉത്തരവിറക്കിയെങ്കിലും പല കാരണങ്ങളാൽ അത് പ്രാവർത്തികമാക്കാൻ കാലതാസം നേരിട്ടു. സർക്കാർ സീറ്റുകളിൽ കൂടുതൽ കുട്ടികൾക്ക് പഠിക്കാനുള്ള അവസരങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടിയാണ് ഓരോ നിയോജകമണ്ഡലത്തിലും ഒരു കോളേജ് എന്ന സിസ്റ്റം കൊണ്ടുവന്നത്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിലുള്ള കാലതാമസം പരിഹരിക്കാൻ നടപടി സ്വീകരിക്കും. അടുത്ത വർഷം മുതൽ എല്ലാ യൂണിവേഴ്സിറ്റികളിലും ഏകീകൃത കലണ്ടർ കൊണ്ടുവരുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഏകീകൃത സിലബസ് പ്രാവർത്തികമാക്കുക എന്നുള്ളത് പ്രയാസകരമാണ്. പരീക്ഷ ഔട്ട്സോഴ്സ് ചെയ്തിട്ടില്ല. സോഫ്റ്റ്‌വെയർ

മാത്രമാണ് ഔട്ട്സോഴ്സ് ചെയ്തിട്ടുള്ളത്. കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാരുടെ കാര്യത്തിൽ എന്തുചെയ്യാൻ കഴിയുമെന്ന് പരിശോധിക്കുന്നതാണ്. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

133, 134, 135, 136, 137, 138, 140, 142, 143 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

145, 147, 148, 149, 150, 151, 152, 153, 154, 155, 156, 157, 158, 159, 160, 161, 162, 163, 164, 165, 166, 167, 169, 170, 171, 172, 173, 178, 179, 180, 181, 183, 184, 185, 188, 189, 192, 193, 194, 197, 199, 200 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

151. ഖണ്ഡം 3(1)-ൽ, "തസ്തികയിലേക്ക്" എന്ന വാക്കിന് പകരം "തസ്തികകളിലേക്ക്" എന്ന വാക്ക് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പിനശേഷമുള്ള പുതിയ വകുപ്പ്</u>

201-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

<u>നാലാം വകുപ്പ്</u>

202, 203, 205, 206, 207, 210, 211, 213, 214, 215, 217, 218, 219, 220, 221, 223, 224, 225 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അഞ്ചാം വകുപ്പ്</u>

227-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

227. ഖണ്ഡം 5(2)-ൽ " കാര്യമോ " എന്ന വാക്കിന് ശേഷം " കാര്യങ്ങളോ" എന്ന വാക്കും " നടപടിയോ" എന്ന വാക്കിന് ശേഷം " നടപടികളോ" എന്ന വാക്കും ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

108, 110, 111, 113, 114, 115, 118, 120,121, 122, 123, 124, 125, 127, 129, 130, 131, 132, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴപ്പറയുന്ന ഔദ്യോഗിക ഭേദഗതി മന്ത്രി അവതരിപ്പിച്ചു.

ഒന്നാം വകുപ്പിന്റെ ചുരുക്കപ്പേരും പ്രാരംഭവും " സർവ്വകലാശാലകളെ സംബന്ധിച്ച കൂട്ടുതൽ ചുമതലകൾ " എന്നീ വാക്കുകൾക്ക് പകരം " സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂട്ടുതൽ ചുമതലകൾ " എന്നീ വാക്കുകൾ ചേർക്കണം.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്):2015 -ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): പ്രമേയത്തെ പിന്താങ്ങുന്നു.

2015 -ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(2) 2015-ലെ കൂലി കൊടുക്കൽ (കേരള ഭേദഗതി) ബിൽ

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ കൂലി കൊടുക്കൽ (കേരള ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. എ.കെ. ബാലൻ</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഈ ഭേദഗതി ബില്ലിന്റെ ഉദ്ദേശ്യം തൊഴിലാളികളുടെ സമ്മതമില്ലാതെ തന്നെ അവരവരുടെ വേതനം ചെക്കായിട്ടോ ബാങ്ക് അക്കൗണ്ട് വഴിയോ കൃത്യസമയത്ത് ലഭ്യമാക്കുക എന്നുള്ളതാണ്. തുച്ഛവേതനത്തിൽ പന്ത്രണ്ടുമണിക്കൂറിലധികം ജോലി ചെയ്യേണ്ടി വരുന്നുവെന്നതാണ് വിവിധ മേഖലകളിലെ തൊഴിലാളികൾ നേരിടുന്ന പ്രധാന പ്രശ്നം. ന്യായമായ വേതനം നിശ്ചയിക്കാതെ വേതനം അക്കൗണ്ട് വഴിയാക്കുന്നതുകൊണ്ട് പ്രയോജനമില്ല. വിലക്കയറ്റവും മൂല്യശോഷണവും കൊണ്ടുണ്ടായ വേതന ശോഷണം പരിഹരിക്കാൻ നടപടിയെടുക്കുന്നതിനുപകരം വേതനം ബാങ്കിലൂടെ കൊടുക്കണോ കയ്യിൽ കൊടുക്കണോ എന്നുള്ള ചർച്ചയ്ക്കാണ് ഇവിടെ പ്രാധാന്യം നൽകിയിരിക്കുന്നത്. തോട്ടം മേഖലയിൽ തൊഴിലാളി സമരത്തെത്തുടർന്നുണ്ടായ വേതനം നാമമാത്രമായി വർദ്ധിപ്പിച്ചതല്ലാതെ തൊഴിലാളികളുടെ വാസസ്ഥലങ്ങളുടെ ശോച്യാവസ്ഥ പരിഹരിക്കാനോ ചികിത്സാ സൗകര്യങ്ങൾ ഒരുക്കാനോ തയ്യാറായിട്ടില്ല. തോട്ടങ്ങൾ നഷ്ടത്തിലാണെങ്കിൽ അവ പ്ലാന്റേഷൻ കോർപ്പറേഷൻ ഏറ്റെടുക്കുകയോ സഹകരണ സംഘത്തെ ഏൽപ്പിക്കുകയോ

ചെയ്യണം. ലക്ഷക്കണക്കിന് ഏക്കർ ഭൂമിയാണ് തോട്ടമുടമകൾ അനധികൃതമായി കൈവശം വച്ചിരിക്കുന്നത്. കേരള ഭൂപരിഷ്കരണ നിയമത്തിൽ നിന്ന് പ്ലാന്റേഷനുകളെ എക്സംപ്റ്റ് ചെയ്തത് തൊഴിലാളികളുടെ സംരക്ഷണം ഉറപ്പുവരുത്താനാണെങ്കിലും ഫലത്തിൽ അതൊന്നും നടക്കുന്നില്ലെന്ന് മാത്രമല്ല ലീസ് കണ്ടീഷൻസെല്ലാം വയലേറ്റ് ചെയ്യുകയാണ്. ഈ മേഖലയിൽ സർക്കാർ ചെയ്യുന്നതൊന്നും തൊഴിലാളികൾക്കനുകൂലമല്ല. അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്ക് തുച്ഛമായ വേതനമാണ് മാനേജ്മെന്റുകൾ നൽകുന്നത്. ഇരുപത്തിയാറ് ലക്ഷത്തോളം വരുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കുന്നതിന് സർക്കാർ യാതൊരു നടപടിയും സ്വീകിരിക്കുന്നില്ല. മാനേജ്മെന്റിന്റെ തീരുമാനമനുസരിച്ച് മുന്നോട്ട് പോകുന്നതിനാൽ പീഠികത്തൊഴിലാളി ക്ഷേമനിധിയിലെ അംഗങ്ങൾക്ക് യാതൊരു തൊഴിലുറപ്പും ലഭിക്കുന്നില്ല. സേവന/വേതന തൊഴിൽ സുരക്ഷിതത്വ നിയമങ്ങൾ ഇല്ലാതാക്കുന്ന കേന്ദ്രനയത്തിനെതിരെ യാതൊരു നിലപാടും തൊഴിൽ വകുപ്പ് സ്വീകരിച്ചിട്ടില്ല. പരിമിതമായ തുക വകയിരുത്തുക വഴി തൊഴിൽ വകുപ്പിന് കീഴിലുള്ള നിരവധി

ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങൾ സർക്കാർ നിഷ്പ്രഭമാക്കി. സ്വയം സംരംഭക മിഷൻ വഴി ഒരു ലക്ഷം പേർക്ക് തൊഴിൽ നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നെങ്കിലും തൊഴിൽ വകുപ്പിന് കീഴിൽ തൊഴിൽ സൃഷ്ടിക്കുന്നതിന് യാതൊരു പദ്ധതിയും നിലവിലില്ല. തൊളിലാളി വിരുദ്ധ നയങ്ങളാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കയർ മേഖലയിൽ പത്ത് ശതമാനംപേർക്ക് മാത്രമാണ് തൊഴിൽ ലഭിക്കുന്നത്. ഭൂരിപക്ഷം ഖാദി/കൈത്തറി സംഘങ്ങളും ബിഡിത്തൊഴിലാളികളും മത്സ്യത്തൊഴിലാളികളും ഈറ്റ/പനമ്പ് തൊഴിലാളികളും ഇന്ന് തകർച്ചയുടെ പാതയിലാണ്. കാടാശ്വാസ പദ്ധതിയും അട്ടിമറിക്കപ്പെട്ടിരിക്കുകയാണ്. കള്ള് ചെത്ത് തൊഴിലാളികളുടെ എണ്ണം ഗണ്യമായി കുറഞ്ഞു. കർഷകത്തൊഴിലാളി ക്ഷേമനിധി മാച്ചിംഗ് ഗ്രാന്റിനും കശുവണ്ടിത്തൊഴിലാളി പെൻഷൻ കുടിശ്ശികയ്ക്കും ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തിയിട്ടില്ല. മരംകയറ്റ തൊഴിലാളികൾക്ക് സാമ്പത്തിക സഹായവും തയ്യൽ തൊഴിലാളികൾക്ക് പെൻഷൻ തുകയും നൽകുന്നില്ല. അന്യസംസ്ഥാന തൊഴിലാളികളും ചൂഷണത്തിന് വിധേയരാകുകയാണ്. ഇത്തരത്തിൽ അദ്ധ്വാനിക്കുന്ന ജനവിഭാഗത്തെ ചൂഷണം ചെയ്യുന്ന നടപടിയാണ് സർക്കാർ

സ്വീകരിക്കുന്നത്.

<u>ശ്രീ. പി.കെ. ഗുരുദാസൻ</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഈ ആക്ടിലെ ഇപ്പോഴത്തെ ഭേദഗതി നിയമം 1936-ലെ കേന്ദ്ര ആക്ടിന് വിരുദ്ധമാണ്. വിലക്കയറ്റം തടയുക എന്ന തൊഴിലാളികളുടെ ആവശ്യത്തിന്മേൽ സർക്കാർ ഒരു നടപടിയും സ്വീകരിച്ചില്ലെന്ന് മാത്രമല്ല, വിലക്കയറ്റം അതിരൂക്ഷമായി ക്കൊണ്ടിരിക്കുകയുമാണ്. വർദ്ധിച്ചുവരുന്ന ജീവിത ചെലവിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞത് 15000 രൂപ പ്രതിമാസം എല്ലാ തൊഴിലാളികൾക്കും നൽകണമെന്ന ആവശ്യം സർക്കാർ പരിഗണിച്ചിട്ടില്ല. രാജ്യത്തെ സ്ഥിരം തൊഴിലാളികളുടെ എണ്ണം കുറയുകയും കോൺട്രാക്ട്/താൽക്കാലിക ജീവനക്കാരുടെ എണ്ണം വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത ഭേദഗതിയുടെ പ്രസക്തിയെപ്പറ്റി പരിശോധിക്കണം. സോഷ്യൽ സെക്യൂരിറ്റി നിയമം നടപ്പിലാക്കാൻ മുൻകയ്യെടുക്കുന്നതോടൊപ്പം പുതിയ നിയമങ്ങൾ കൊണ്ടുവരുന്നതിനും ഡൊമസ്റ്റിക് വർക്കേഴ്സിനാവശ്യമായ സ്കീം നടപ്പിലാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം. കൺസ്ട്രക്ഷൻ വെൽഫെയർ ബോർഡിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്ക്

നൽകിവരുന്ന വിവിധ ആനുകൂല്യങ്ങളിലും ധനസഹായങ്ങളിലും കാലാനുസൃതമായ വർദ്ധന വരുത്തുമെന്ന് ഉറപ്പുനൽകണം. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് ഭേദഗതി ചെയ്ത് സെയിൽസ് പ്രൊമോഷൻ എംപ്ലോയീസിനെ വർക്ക്മെൻ-ന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നിയമനടപടികൾ സ്വീകരിക്കണം.

<u>ശ്രീ. എം. ഹംസ</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. വിവിധ തൊഴിലാളിക്ഷേമ സുരക്ഷാ പദ്ധതികൾക്കും പെൻഷൻ കുടിശ്ശികകൾക്കുമാവശ്യമായ പണം അനുവദിക്കുന്നതിൽ ധനകാര്യ വകുപ്പ് കാട്ടുന്ന അനീതി അവസാനിപ്പിക്കണം. ഇ.എസ്.ഐ. ആശുപത്രികളിലെ ഡോക്ടർമാരുടെയും ബ്രാഞ്ച് മാനേജർമാരുടെയും ഒഴിവുകൾ നികത്താനും മോട്ടോർ വാഹന തൊഴിലാളികളെ ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും ആനുകൂല്യങ്ങൾ വിപുലപ്പെടുത്തുന്നതിനും കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. ആരോഗ്യരംഗത്തെ ആധുനിക ചികിത്സാ സൗകര്യങ്ങൾ ഇ.എസ്.ഐ.മേഖലയിലൂടെ തൊഴിലാളികൾക്ക്

ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. കേരളത്തിലെ സർക്കാർ ആശുപത്രികളിൽ അഭയം തേടുന്ന എല്ലാ തൊഴിലാളികൾക്കും ആർ.എസ്.ബി.വൈ.യുടെ ആനുകൂല്യം കൃത്യമായി ലഭ്യമാക്കത്തക്ക വിധത്തിലുള്ള ഇടപെടലുണ്ടാകണം. കൺസ്ട്രക്ഷൻ മേഖലയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയും ട്രേഡ് യൂണിയൻ നേതാക്കന്മാരുമായി ഒപ്പുവച്ച കരാറിലെ വ്യവസ്ഥകൾ സമയബന്ധിതമായി നടപ്പിലാക്കുമെന്ന് പ്രഖ്യാപിക്കണം. ചുമട്ടുതൊഴിലാളി ക്ഷേമനിധി ഫണ്ടുപയോഗിച്ച് ക്ഷേമനിധി ബോർഡ് ഓഫീസുകൾ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ക്ഷേമനിധി ബോർഡുകൾ ഡെപ്യൂട്ടേഷൻ ബോർഡുകളായി മാറിക്കൊണ്ടിരിക്കുന്ന അവസ്ഥയ്ക്ക് മാറ്റമുണ്ടാകണം. ചുമട്ടുതൊഴിലാളി ക്ഷേമനിധിയിൽ ആനുകൂല്യ വർദ്ധനയ്ക്കായി നൽകിയിരുന്ന പ്രൊപ്പോസലുകൾ അംഗീകരിക്കുന്നതിനുള്ള നടപടിയുണ്ടാകണം. തൊഴിലാളികൾക്ക് പണിയെടുക്കുന്നതിനുള്ള അവകാശവും ജോലി ഭാരത്തിനനുസരിച്ച് ഏകീകരിച്ച കൂലി ലഭിക്കുന്നതിനാവശ്യമായ സംവിധാനവുമുണ്ടാക്കണം. ചുമട്ടു തൊഴിലാളിക്ക് സംരക്ഷണവും ആനുകൂല്യങ്ങളും കിട്ടുന്നതിനുതകുന്ന

വിധത്തിലുള്ള നിയമത്തിന് തൊഴിൽ വകുപ്പ് നേതൃത്വം കൊടുക്കണം. ഇരുമ്പുരുക്ക് വ്യവസായശാലയിൽ മനുഷ്യാവകാശലംഘനം നടക്കുന്നതുകൊണ്ട് അവിടത്തെ തൊഴിലാളികളുടെ ജീവൻ സംരക്ഷിക്കുന്നതിനും സേവനവ്യവസ്ഥകൾ ഉറപ്പിക്കുന്നതിനുമുള്ള നടപടിയുണ്ടാകണം. ധാരാളം തൊഴിലവസരങ്ങളുള്ള ഐ.ടി.ഐ. വിദ്യാഭ്യാസത്തെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും നല്ല ഫാക്കൽറ്റികളെ നിയമിക്കുന്നതിമുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. തിലോത്തമൻ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കൂലി കൊടുക്കൽ (കേരള ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നിലവിലുള്ള തൊഴിൽ നിയമങ്ങൾ അട്ടിമറിക്കപ്പെടുമ്പോൾ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് ഗൗരവമായി ചർച്ച ചെയ്യണം. പേമെന്റ് ഓഫ് വേജസ് ആക്ട് നിലവിൽ വന്ന 1936 മുതൽ 1947 വരെയുള്ള കാലയളവിൽ തൊഴിലാളികൾക്കുള്ള കൂലി മുതലാളി നിശ്ചയിക്കുകയും അത് പണമായി കൊടുക്കാതെ സാധന സേവന രൂപത്തിൽ നൽകി അവരെ ഇരട്ട ചൂഷണത്തിന് വിധേയമാക്കുകയും ചെയ്തിരുന്നു. വൻകിട വ്യവസായ മേഖലയുൾപ്പെടെയുള്ള

എല്ലാ മേഖലകളിലുമുള്ള തൊഴിലാളികൾ ഈ ചൂഷണത്തിന് വിധേയമായിരുന്നു. 1976-ൽ തൊഴിലാളികളുടെ അനുവാദത്തോടുകൂടി പേമെന്റ് ഓഫ് വേജസ് ആക്ടിന് ഭേദഗതി കൊണ്ടുവന്ന സ്ഥാനത്ത് ഇപ്പോൾ തൊഴിലാളികളുടെ താൽപ്പര്യത്തിന് വിരുദ്ധമായ ഭേദഗതിയാണ് കൊണ്ടുവന്നിരിക്കുന്നത്. തൊഴിലാളികളുടെ ആനുകൂല്യങ്ങൾ കവർന്നെടുക്കുന്നതും തൊഴിലാളിയെയും ട്രേഡ് യൂണിയൻ പ്രസ്ഥാനത്തെയും ദുർബലപ്പെടുത്തുന്നതുമാണ് തൊഴിൽ മേഖലയിൽ പ്രത്യാഘാതമുളവാക്കുന്ന ഈ ബില്ലിലെ ഭേദഗതി. തൊഴിലാളി തൊഴിൽ നിയമം ലംഘിച്ചാൽ നടപടിയെടുക്കാൻ വ്യവസ്ഥയുള്ള ഈ രാജ്യത്ത് തൊഴിലുടമ തൊഴിൽ നിയമങ്ങൾ ലംഘിച്ചാൽ തൊഴിലാളിക്ക് അവരെ പ്രോസിക്യൂട്ട് ചെയ്യാൻ അധികാരം കൊടുക്കുന്ന നിയമ ഭേദഗതിയാണ് കൊണ്ടുവരേണ്ടത്. സ്വകാര്യ മേഖലയിലും പൊതുമേഖലയിലും സർക്കാർ സ്ഥാപനങ്ങളിലും സ്ഥിരം ജീവനക്കാരെ പിരിച്ചുവിട്ടശേഷം കാഷ്വൽ ലേബറേഴ്സിനെയും കരാർ ജോലിക്കാരെയും നിയമിക്കുന്ന പതിവ് വർദ്ധിച്ചുവരികയാണ്. ഈ സാഹചര്യത്തിൽ കാഷ്വൽ ലേബറേഴ്സിനും കരാർ ജോലിക്കാർക്കും പരിധി നിശ്ചയിച്ചുകൊണ്ടുള്ള നിയമ ഭേദഗതി കൊണ്ടുവരണം. ട്രേഡ് യൂണിയൻ

രജിസ്ട്രേഷന് ഓൺലൈൻ രജിസ്ട്രേഷനോ താൽക്കാലിക രജിസ്ട്രേഷനോ നടത്തുന്നതിനുള്ള സൗകര്യമുണ്ടാകണം. തൊഴിലാളി പ്രസ്ഥാനത്തെ ദുർബലമാക്കുന്ന ഒരു ഭേദഗതിയും ഉണ്ടാകരുത്.

ശ്രീ. ജോസഫ് വാഴക്കൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കൂലി കൊടുക്കൽ (കേരള ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 1936-ലെ പേമെന്റ് ഓഫ് വേജസ് ആക്ടിൽ ഒരു ചെറിയ മാറ്റം വരുത്തിയാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. കാലത്തിനനുസരിച്ച് തൊഴിലാളിക്ക് മാറ്റം വരരുത് എന്ന് ചിന്തിക്കുന്നത് യുക്തിക്ക് നിരക്കുന്നതല്ല. തൊഴിലാളികൾക്ക് വേതനം ബാങ്കിലൂടെ കൊടുത്തുകൊണ്ട് 'വേതന സുരക്ഷാ' പദ്ധതിക്ക് തുടക്കം കുറിക്കുകയും അതിലൂടെ വേതനം ഉറപ്പുവരുത്തുകയും ചെയ്യുന്നതിന് തൊഴിൽ വകുപ്പ് ഒരു സോഫ്റ്റ്‌വെയർ ഡെവലപ് ചെയ്തിട്ടുണ്ട്. അതിൽ എല്ലാ കമ്പനികളും തൊഴിൽദാതാക്കളും രജിസ്റ്റർ ചെയ്യണമെന്നും ബാങ്കിൽ കറണ്ട് അക്കൗണ്ട് തുടങ്ങി പണം നിക്ഷേപിക്കണമെന്നും അത് തൊഴിലാളികൾക്ക് അതാത് മാസം കൃത്യമായി കൈമാറുകയും ചെയ്യണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. തൊഴിലാളികളുടെ അനുമതി

വാങ്ങിയതിനുശേഷം മാത്രമേ ഇങ്ങനെയൊരു നിയമം കൊണ്ടുവരാൻ പാടുള്ളൂവെന്ന് നിഷ്കർഷിക്കുന്നത് ശരിയല്ല. തൊഴിൽ വകുപ്പിനെ കാലോചിതമായി പരിഷ്കരിക്കുന്നതിനായി നിരവധി പദ്ധതികൾ കൊണ്ടുവന്നിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റിയിരിക്കുകയാണ്. തൊഴിലന്വേഷകരുടെ അഭിരുചി തിരിച്ചറിഞ്ഞ് ആവശ്യമായ കൗൺസിലിംഗും പരിശീലനവും നൽകി സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങളിൽ തൊഴിൽ ഉറപ്പാക്കുന്ന പദ്ധതി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലൂടെ നടപ്പാക്കുന്നുണ്ട്. തൊഴിൽ മേഖലയിൽ 'നൈപുണ്യ കേരളം' പദ്ധതിക്ക് രൂപം നൽകുകയും പോളിടെക്നിക്കുകളെയും ഐ.ടി.ഐ-കളെയും മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ശ്രമങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്. രാജ്യത്തിനകത്തും പുറത്തും ജോലി ലഭിക്കത്തക്കവിധത്തിൽ നൈപുണ്യ വികസന രംഗത്ത് പ്രത്യേകമായ പരിശീലനം നൽകുന്നതിനായി കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് എന്നൊരു സ്ഥാപനം കേരളത്തിൽ ആരംഭിക്കാൻപോകുകയാണ്. സ്കിൽ ലാംഗ്വേജ് ലാബുകൾ ആരംഭിച്ചത് അഭിനന്ദനാർഹമാണ്. നെഴ്സിംഗ് മേഖലയിൽ മിനിമം വേജസ് നടപ്പിലാക്കുന്നതിനും ജോലി സുരക്ഷിതത്വം

ഉറപ്പുവരുത്താനും സാധിച്ചിട്ടുണ്ട്. സ്വകാര്യ അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്കും കൃത്യമായ ശമ്പളം ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ട്. ശാസ്ത്ര സാങ്കേതിക മേഖലയിൽ വലിയ കുതിച്ചുചാട്ടം നടക്കുന്ന കാലഘട്ടമാണ് ഇത്.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): തൊഴിലാളി സമൂഹത്തിന് അനുകൂലമായ മാറ്റം ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു ഭേദഗതിയാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. കേരളം തൊഴിൽ നിയമങ്ങളുടെ കാര്യത്തിൽ ഇന്ത്യയ്ക്ക് മാതൃകയാണ്. ഇന്ത്യയിലെ അഞ്ച് സംസ്ഥാനങ്ങളിൽ ഈ നിയമം വർഷങ്ങൾക്കുമുമ്പ് നടപ്പിലാക്കിയിട്ടുണ്ട്. വിവിധ രജിസ്റ്ററുകളിലായി നിയമപരമായി മെയിന്റയിൻ ചെയ്യേണ്ടതെല്ലാം ഉൾപ്പെടുന്ന ഒരു വേജ് സ്ലിപ്പ് തൊഴിലാളികൾക്കും അതിന്റെ വിശദാംശങ്ങൾ ബാങ്കിനും നൽകുന്നു. ബാങ്കിന് കൊടുക്കുന്നതിന്റെ പകർപ്പ് ഡി.എൽ.ഒ-ക്ക് ലഭിക്കുന്നു. ഇത് നടപ്പിലാക്കാൻ കുറച്ച് സമയമെടുക്കുമെന്നതിനാലാണ് പരീക്ഷണാർത്ഥം തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇത് നടപ്പിലായിക്കഴിഞ്ഞാൽ ഇന്ത്യയ്ക്ക് മാതൃകയാകുന്ന നിലയിൽ തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്ന സംസ്ഥാനമായി കേരളം മാറും. കശുവണ്ടി തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. തോട്ടം

മേഖലയിൽ രണ്ട് തവണയായി അമ്പത്തിയഞ്ച് ശതമാനത്തോളം കൂലി വർദ്ധനവ് നടപ്പാക്കിയിട്ടുണ്ട്. 2015 നവംബർ മാസം വരെയുള്ള കർഷക തൊഴിലാളി പെൻഷനും 2015 സെപ്തംബർ മാസം വരെയുള്ള വെൽഫെയർ പെൻഷനുകളും കൊടുത്തുതീർത്തിട്ടുണ്ട്. നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിനായി ഇതുവരെ 669 കോടി 42 ലക്ഷം രൂപ സെസ് ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ട്. നിർമ്മാണ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കൂലി കൊടുക്കൽ (കേരള ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

112, 113, 114, 118, 119, 120, 122, 123, 128 എന്നീ നമ്പർ ഭേദഗതികൾ

അവതരിപ്പിച്ചു.

മന്ത്രി താഴെ പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

In the proviso to section 6 of the act proposed to be amended by clause 2 of the bill for the words " industrial establishments" , the words " industrial or other establishments" shall be substituted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

ഭേദഗതി ഇല്ല.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

108, 109, 110, 111 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ശ്രീ. സി. ദിവാകരൻ: കേരളത്തിലെ തൊഴിലാളി വർഗ്ഗത്തിന്റെ കൂട്ടായ വിലപേശലിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്നതാണ് ഈ ഭേദഗതി നിയമം. തൊഴിലാളികളെ നിശ്ശബ്ദരാക്കിക്കൊണ്ട് തൊഴിലുടമയും സർക്കാരും കൂടി കാര്യങ്ങൾ തീരുമാനിക്കുന്നത് ശരിയല്ല. കൂലി ബാങ്കുവഴിയാക്കുന്നത് അശാസ്ത്രീയവും തൊഴിലാളികളുടെ അവകാശങ്ങളിന്മേലുള്ള കടന്നുകയറ്റവുമാണ്. തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ പര്യാപ്തമായ നിയമങ്ങൾ നടപ്പിലാക്കാതെ പുതിയ ഭേദഗതികൾ കൊണ്ടുവരുന്നത് ശരിയല്ല. ഭരണഘടനാവിരുദ്ധമായ ഈ ഭേദഗതി അങ്ങ് പിൻവലിക്കണം. സംസ്ഥാനത്തെ ഭൂരിപക്ഷം ട്രേഡ് യൂണിയനുകളും ഈ നിയമത്തിനെതിരാണ്. ഇത് പുനഃപരിശോധിക്കണം.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): ഈ ബിൽ ഭരണഘടനാ വിരുദ്ധമാണെന്ന് പറഞ്ഞത് ശരിയല്ല. വേജ് പ്രൊട്ടക്ഷൻ സിസ്റ്റം സംസ്ഥാനം മുഴുവൻ നടപ്പിലായിവരുന്നതിൽ കാലതാമസമുണ്ടാകും. തൊഴിലാളിവിരുദ്ധമായ യാതൊരു വ്യവസ്ഥയും ഈ ബില്ലിൽ ഉൾപ്പെട്ടിട്ടില്ല. 2015-ലെ കൂലി കൊടുക്കൽ (കേരള ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2015-ലെ കൂലി കൊടുക്കൽ (കേരള ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം 31 നെതിരെ 58 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ വൈകുന്നേരം 5.45-ന് പിരിഞ്ഞു.

********